LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി

158 (3907) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് 1975-ലെ നിയമം അനുസരിച്ച് എത്ര കേസുകളിൽ എത്ര ഏക്കർ ഭൂമിയാണ് ആദിവാസികൾക്ക് തിരിച്ചുപിടിച്ച് നൽകേണ്ടിയിരുന്നത് ; ഇതിന്റെ ജില്ല തിരിച്ചുള്ള ഭൂമിയുടെയും കേസ്സുകളുടെയും എണ്ണം വ്യക്തമാക്കാമോ ;

(ബി) 1999-ലെ നിയമം പാസ്സാക്കിയതിനെത്തുടർന്ന് 1986 ജനുവരി 24-ന് മുമ്പ് അന്യാധീനപ്പെട്ട് 5 ഏക്കറിൽ കൂടുതലുള്ള ഭൂമി മാത്രം തിരിച്ചുപിടിച്ചാൽ മതിയെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ 99-ലെ നിയമം അനുസരിച്ച് സംസ്ഥാനത്താകെ എത്ര കേസ്സുകളിൽ എത്ര ഏക്കർ ഭൂമി തിരിച്ചുപിടിച്ച് നൽകി ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) 1999-ലെ നിയമം അനുസരിച്ച് 1986 വരെ 5 ഏക്കറിൽ താഴെ ഭൂമി നഷ്ടപ്പെട്ട എത്ര ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി പകരമായി നൽകി എന്ന കാര്യം വ്യക്തമാക്കാമോ : ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) 1999-ലെ നിയമം അനുസരിച്ച് 1986-ന് ശേഷം ആദിവാസി ഭൂമി ആദിവാസിയല്ലാത്ത ഒരാളിന് കൈമാറ്റുന്നത് അസാധുവാണെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ പല ജില്ലകളിലും ആദിവാസി ഭൂമി കയ്യേറിയിട്ടുള്ളതായി എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഇ) ആദിവാസി ഭൂമി നിയമവിരുദ്ധമായി രജിസ്ട്രേഷൻ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ ;

(എഫ്) സുപ്രീംകോടതി ഉത്തരവനുസരിച്ച് ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് വിതരണം ചെയ്യേണ്ടത് ; ഇതിൽ എത്ര ഏക്കർ വീതം ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്തു ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

പമ്പാവാലിയിലെ കൈവശ കൃഷിക്കാർക്ക് ലഭിച്ച പട്ടയം

159 (3908) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ പമ്പാവാലിയിൽ എത്ര കൈവശ കൃഷിക്കാർക്കാണ് ഇതേവരെ പട്ടയം നൽകിയിട്ടുള്ളത് ;

(ബി) നൽകിയ പട്ടയങ്ങളിൽ വന്നുചേർന്നിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പമ്പാവാലിയിൽ നൽകിയ പട്ടയങ്ങളിലെ അപാകത പരിഹരിക്കുന്നതിനും, പുതുതായി പട്ടയം നൽകുന്നതിനും പ്രത്യേക സർവ്വേ ടീമിനെ നിയോഗിക്കണമെന്ന ജില്ലാ വികസന സമിതിയുടെ പ്രമേയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്നാണ് ജില്ലാ കളക്ടറുടെ കത്ത് ലഭിച്ചിട്ടുള്ളത് ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ; ഫയൽ നമ്പർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പമ്പാവാലി പ്രദേശത്ത് 27-1-2011-ലെ സ.ഉ.(കൈ) നമ്പർ 50/2011/റവന്യൂ ഉത്തരവ് പ്രകാരം 2,528 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അനുബന്ധം (I)*.

(ബി & സി) റവന്യൂ (എ) വകുപ്പിലെ 58109/എ1/14/റവന്യൂ നമ്പർ ഫയലിലാണ് ഇപ്പോൾ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നത്. 27-1-2011-ലെ സ.ഉ.(കൈ) നമ്പർ 50/2011/റവന്യൂ ഉത്തരവ് പ്രകാരം പട്ടയം നൽകാൻ ഉത്തരവായതും എന്നാൽ വ്യത്യസ്തമായ വിസ്തീർണ്ണം/സർവ്വേ പിശക്/വീട്ട് പേര് വ്യത്യാസം/ഇരട്ടിപ്പ് എന്നിവ ഉള്ളതിനാൽ ഇതുവരെ കൈവശകക്ഷികൾക്ക് പട്ടയം വിതരണം ചെയ്യാൻ സാധിക്കാത്തതുമായ 290 കൈവശക്കാർക്ക് മാത്രം സർക്കാർ ഉത്തരവിൽനിന്നും കാണുന്ന വ്യത്യാസങ്ങൾ പരിശോധിച്ച് പട്ടയം തയ്യാറാക്കി നൽകുന്നതിന് റാന്നി തഹസീൽദാരെ ചുമതലപ്പെടുത്തി 25-7-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 346/2015/റവന്യൂ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം II)*.

കടുത്തുരുത്തി എക്സൈസ്-ഓഫീസ് നിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം

160 (3909) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് നിർമ്മിക്കുന്നത് സംബന്ധിച്ച് ഭൂമി കൈമാറുന്നതിന് ഫയൽ നമ്പർ 37294/Rev.4/2014 ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ തീരുമാനമാകാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയൽ സംബന്ധിച്ച് കോട്ടയം കളക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly